നമ്പർ.എഫ് (1)5437/2019

ലേബർ കമ്മീഷണറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 17/10/2019.

## പരിപത്രം നമ്പർ 15/2019

വിഷയം: പ്രിസം PRISM – പെൻഷൻ അപേക്ഷകൾ e- submission ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

പരാമർശം:
1. സ.ഉ(പി)നം.421/2014 ധന തീയതി.25/09/2014
2. സ.ഉ(പി)നം.179/2016 ധന; തീയതി.10/12/2016
3. സ.ഉ(പി)നം.49/2017 ധന.തീയതി.21/04/2017
4. സ.ഉ (പി) നം.114/2017 ധന. തീയതി.25/08/2017.

സൂചന (1) പ്രകാരം പെൻഷൻ അപേക്ഷകൾ കാര്യക്ഷമമായി കൈകാര്യ ചെയ്യുന്നതിലേക്കായി ഒരു കേന്ദ്രീകൃത സംവിധാനം 'PRISM' നടപ്പിലാക്കിയിട്ടുള്ളതാണ്. സൂചന(2) ഉത്തരവുപ്രകാരം പെൻഷൻ ബുക്കുകൾ 'PRISM' മുഖേന ഓൺലൈനായി അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുന്നതിനായി 'Pension Sanctioning Authority ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതാണ് PRISM Portal മുഖേന പെൻഷൻ ബുക്കുകൾ ഓൺലൈനായി e-submission ചെയ്യുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന (3) ഉത്തരവ് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

സൂചന (3) ഉത്തരവിനോടൊപ്പമുള്ള അനക്സറിൽ പരാമർശിക്കും പ്രകാരം ജീവനക്കാർക്ക് പ്രിസം പോർട്ടലിൽ ലോഗിൻ ചെയ്ത് data entry വരുത്തിയ ശേഷം ടി വിവരങ്ങൾഓൺലൈനായി Head of the office -ന് e-submission ചെയ്യേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ Head of the office പരിശോധിച്ച ശേഷം ആയത് Pension Sanctioning Authority ക്ക് e-submit ചെയ്യേണ്ടതാണ്. അപേക്ഷ പരിശോധിച്ച് ആയത് പാസ്സാക്കിയശേഷം e-pension book, Pension Sanctioning Authority Accounts General -ന് submit ചെയ്യേണ്ടതാണ്. പെൻഷൻ അനുവദിച്ച ശേഷം അക്കൗണ്ടന്റ് ജനറൽ Verification report തയ്യാറാക്കി ആയത് PSA യ്ക്കും ട്രഷറിയ്ക്കും അയക്കുന്നതാണ് PSA, event/non-event സർട്ടിഫിക്കറ്റ് തയ്യാറാക്കി അക്കൗണ്ടന്റ് ജനറലിന് അയക്കുന്നതോടെ പെൻഷൻ ഓൺലൈൻ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

പ്രിസം പോർട്ടലിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും e-submit ചെയ്യുന്നതിനുമായി Head of the office / Pension Sanctioning Authority പ്രിസം പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതുനുവേണ്ടി താഴെപറയും പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## I. Head of the office/ Pension Sanctioning Authority

1. www.finance.kerala.gov.in എന്ന Finance Department ന്റെ official വെബ്സൈറ്റിൽ പ്രവേശിക്കുക.
2. PRISM എന്ന ലിങ്കിൽ പ്രവേശിക്കുക
3. New user ൽ പ്രവേശിച്ച് പെൻ നമ്പർ, ജനതതീയതി, മൊബൈൽ നമ്പർ, ഇ-മെയിൽ address ഇവ നൽകി Head of the office / Pension Sanctioning authority ആയി രജിസ്റ്റർ ചെയ്യുന്നതിന് 'click' ചെയ്യുക.
4. . വിവരങ്ങൾ രേഖപ്പെടുത്തിയശേഷം ലേബർ ഡിപ്പാർട്ട്മെന്റിലെ നോഡൽ ഓഫീസർ ആയത് verify ചെയ്യുകയും verification process പൂർത്തീയാകുമ്പോൾ രജിസ്റ്റർഡ് മൊബൈലിലേക്ക് യൂസർ നെയിം, പാസ്‌വേഡ്, ഇവ എസ്.എം.എസ് ആയി ലഭിക്കുകയും ചെയ്യുന്നതാണ്
5. ഇങ്ങനെ ലഭിക്കുന്ന യൂസർ നെയിം, പാസ്‌വേഡ് ഉപയോഗിച്ച് Head of the office ലോഗിൻ ചെയ്ത് സൂചന സർക്കുലർ (3) അനക്സറിൽ പരാമർശിക്കും പ്രകാരം നടപടികൾ പൂർത്തീകരിച്ച് പെൻഷണറുടെ സർവീസിന്റെ വെളിച്ചത്തിൽ ആർ.ആർ.എ (Remarks by Receiving Authority) രേഖപ്പെടുത്തിയതിനുശേഷം പെൻഷൻ proposal PSA ക്ക് ഇ-സബ്മിറ്റ് ചെയ്യേണ്ടതാണ്.
6. Pension Sanctioning Authority അവർക്കു ലഭിച്ച യൂസർ നെയിം, പാസ്‌വേഡ് ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം സൂചന (3) സർക്കുലറിൽ അനക്സറിൽ(ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു) Pension Sanctioning Authority അനുവർത്തിക്കേണ്ട 6 മുതൽ 9 വരെ സ്റ്റെപ്പുകൾ പൂർത്തീകരിച്ച് പെൻഷൻ പ്രൊപ്പോസൽ അക്കൗണ്ടന്റ് ജനറലിന് ഇ-സബ്മിറ്റ് ചെയ്യേണ്ടതാണ്.

പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി അംഗീകരിക്കുന്ന ഗസറ്റഡ് ഉദ്യോഗസ്ഥരുടെ e-pension book വെരിഫിക്കേഷനായി ലേബർ കമ്മീഷണർക്ക് e-submit ചെയ്യേണ്ടതാണ്. Non gazette ഉദ്യോഗസ്ഥരുടെ e-pension Book PSA യ്ക്ക് നേരിട്ട് Accountant General ന് e-submit ചെയ്യാവുന്നതാണ്

Head of the office, Pension Sanctioning Authority കൂടിയാണെങ്കിൽ (Non-gazetted ഉദ്യോഗസ്ഥരുടെ കാര്യത്തിൽ) രണ്ട് റോളുകളും ലോഗിൻ ചെയ്യുന്നതിന് യൂസർ നെയിം, പാസ്‌വേഡ്, ഇവ ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആയത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക | ഹെഡ് ഓഫ് ദ ഓഫീസ് | Pension Sanctioning Authority |
|---|---|---|---|
| 1. | ലേബർ കമ്മീഷണർ | √ | √ |
| 2. | പ്രിസൈഡിംഗ് ഓഫീസർ, ലേബർ കോടതി | √ | √ |
| 3. | പ്രിസൈഡിംഗ് ഓഫീസർ, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ | √ | √ |
| 4. | റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ | √ | √ |
| 5. | ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് | √ | √ |
| 6. | ജില്ലാ ലേബർ ഓഫീസർ | √ | √ |
| 7. | ഡെപ്യൂട്ടി ലേബർ കമ്മീഷണർ (സ്വതന്ത്ര ഓഫീസ്) | √ | √ |
| 8. | ഡെപ്യൂട്ടി ലേബർ കമ്മീഷണർ (സ്വതന്ത്ര ഓഫീസ്) | √ | √ |
| 9. | ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ് | √ | - |
| 10. | അസിസ്റ്റന്റ് ലേബർ ഓഫീസ് ഗ്രേഡ് II | √ | - |
| 11. | ഡെപ്യൂട്ടി ലേബർ കമ്മീഷണർ സ്റ്റേറ്റ് അഡ്വൈസറി കോൺട്രാക്ട് ലേബർ ബോർഡ്, തിരുവനന്തപുരം | √ | √ |
| 12. | സെക്രട്ടറി മിനിമം വേജസ് അഡ്വൈസറി ബോർഡ് | √ | √ |

പെൻഷൻ അപേക്ഷകൾ 1/09/2019 മുതൽ 'പ്രിസം' മുഖേന ഓൺലൈനായി മാത്രം സമർപ്പിക്കുന്നതിന് സർക്കാരിൽ നിന്ന് കർശന നിർദ്ദേശം ഉള്ളതിനാൽ ടി സർക്കുലർ പ്രകാരം അടിയന്തരമായി Head of the office/ Pension Sanctioning Authority രജിസ്റ്റർ ചെയ്ത്, ലഭിക്കുന്ന പെൻഷൻ അപേക്ഷകൾ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്/-)
ലേബർ കമ്മീഷണർ

**To**

1. എല്ലാ ലേബർ കോടതികൾക്കും } ആമുഖ കത്ത് സഹിതം
2. ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകൾക്കും }
3. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ കൊല്ലം/എറണാകുളം/കോഴിക്കോട്
4. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം
5. എല്ലാ ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരും
6. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
7. എല്ലാ ഡെപ്യൂട്ടി ലേബർ ഓഫീസർമാർ (സ്വതന്ത്ര ഓഫീസുകൾ)
8. എല്ലാ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്കും
9. എല്ലാ അസിസ്റ്റന്റ് ലേബർ ആഫീസർമാർക്കും
10. ഡെപ്യൂട്ടി ലേബർ കമ്മീഷണർ, സ്റ്റേറ്റ് അഡ്വൈസറി കോൺട്രാക്ട് ലേബർ ബോർഡ്, തിരുവനന്തപുരം
11. സെക്രട്ടറി, മിനിമം വേജസ് അഡ്വൈസറി ബോർഡ്, തിരുവനന്തപുരം.

12. എല്ലാ അസിസ്റ്റന്റ് ലേബർ ഓഫീസ് ഗ്രേഡ് II മാർ

13. നോഡൽ ഓഫീസർ

14. ഫയൽ

പകർപ്പ്:

1. ഈ ആഫീസിലെ എല്ലാ യൂണിറ്റ് ആഫീസർമാർക്കും ജീവനക്കാർക്കും

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്(എഫ്)

കെഎസ്